# Violent Earthquakes in Nature and Life
# Part -4

## 10. രക്ഷയുടെ വഴി ഒരുക്കിയ കുലുക്കം .(മത്തായി 27:52)

The Earthquake upon the death of christ called "attention to the great salvation" that had been accomplished that day on the cross.

മത്തായി (27:52) ൽ കാണുന്ന ഈ കുലുക്കം ഉണ്ടായത് സാർവ്വലൗകീക പാപ പരിഹാരത്തിനായി പിതാവാം ദൈവം തന്റെ പുത്രനെ മരണത്തിന് ഏല്പ്പിച്ചതിന്റെ അടയാളമായിട്ടാണ്. ഈ കുലുക്കം അതി കഠിനമായിരുന്നു എന്നതിന്റെ തെളിവിനായി നടന്ന സംഭവങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

1. ആറാം മണി നേരം മുതൽ 9-ാം മണി നേരം വരെ ദേശത്തെല്ലാം ഇരുട്ടുണ്ടായി. (മത്തായി 27:45)
2. മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി. (മത്തായി (27:51)
3. ഭൂമി കുലുങ്ങി- മത്തായി (27:52)
4. പാറകൾ പിളർന്നു - മത്തായി (27:52)
5. കല്ലറകൾ തുറന്നു - മത്തായി (27:52)
6. നിദ്ര പ്രാപിച്ച വിശുദ്ധൻമാർ ശരീരം വിട്ട് ഉയർത്തെഴുന്നേറ്റു, അവന്റെ പുനരുത്ഥാനത്തിനു ശേഷം കല്ലറകളെ വിട്ടു.
   - മത്തായി (27:52)

ഈ കുലുക്കം ഉണ്ടാകുവാൻ കാരണം പ്രകൃതി യജമാനനന്റെ വേദന കണ്ടിട്ട് സങ്കടപ്പെട്ടതാകാം. ഈ സംഭവത്തിനു മുൻപ് മനുഷ്യ മനസ്സിന് വിഭാവനം ചെയ്യുവാൻ കഴിയാത്ത ക്രൂരമായ പീഢനമാണ് യേശു അതിജീവിച്ചത്. സത്യത്തിന് സാക്ഷി നില്ക്കുകയും ,

സത്യത്തിലേക്ക് ജനത്തെ നടത്തുകയുമാണ് തന്റെ ഐഹീക ശുശ്രൂഷയുടെ മുഖ്യ ഉദ്ദേശം എന്ന് യേശു തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ആത്മീയ ജീവിതത്തിൽ എല്ലാവരാലും ഉപേക്ഷിക്കപ്പെടുന്ന അവസ്ഥ നമുക്കും ഉണ്ടാകാം. സ്നേഹിതൻമാർ വേർപിരിയുന്ന , എല്ലാവരും ഒറ്റപ്പെടുത്തുന്ന ക്രൂരനിമിഷങ്ങളിൽ കടന്നെന്ന് വരാം. ഈ സമയത്ത് പുത്രൻ പിതാവിനോട് ചോദിച്ചതുപോലെ 'എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്" എന്നു വിലപിക്കുന്ന നിമിഷം നമുക്കും ഉണ്ടാകാം. ആ സമയത്തും ക്രിസ്തു ഉച്ചരിച്ചതുപോലെ "എന്റെ ഹിതമല്ല നിന്റെ ഹിതം പോലെയാകട്ടെ" എന്ന് നമുക്കും പറയുവാൻ കഴിയണം.അതിനുള്ള കൃപ ലഭിപ്പാനായി നമുക്ക് പ്രാർത്ഥിയ്ക്കാം. ജീവിതത്തിലെ ഈ കഠിന പീഢനാ സമയത്ത് ക്രിസ്തു അഭിമുഖീകരിച്ച 'വലിയകുലുക്കം' നമ്മുടെ രക്ഷയ്ക്കായിട്ടുള്ളതായിരുന്നു എങ്കിൽ നാം അഭിമുഖീകരിയ്ക്കുന്ന കുലുക്കങ്ങൾ നമ്മെ പണിതെടുത്ത് രക്ഷയിൽ നിലനിർത്തുവാനാണ്.

പത്ത് കഠിനമായ ഘട്ടങ്ങളിൽ കൂടി അവൻ കടന്നു പോയി. നമ്മെ രക്ഷിപ്പാൻ അവൻ അനുഭവിച്ച കഠിനതയേറിയ ആ കുലുക്കം പത്ത് ഘട്ടങ്ങളിലായിരുന്നു. അവ നമുക്ക് ഒന്ന് വിചിന്തനം ചെയ്യാം.

1. യേശുവിന്റെ ബന്ധനം (വ്യാഴം രാത്രിയിൽ) - മത്തായി (26:48-50)

2. ഹന്നാവിന്റെയും കയ്യാഫാവിന്റെയും മുന്നിൽ രാത്രിയുടെ കഠിനതയിൽ യേശുവിനെ എത്തിച്ചു. സ്നേഹിതൻമാർ ഇല്ല, സഹയാത്രികരില്ല, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടിരിക്കുന്ന അവസ്ഥ

- യോഹന്നാൻ (18:12-14)

മത്തായി (26:57)

3. ഗുരുവിനെ പത്രോസ് തള്ളിപ്പറഞ്ഞു -യോഹ:18:(15-18), (25-27)

ലൂക്കോ:(22: 54-61)

4. ചമ്മട്ടി കൊണ്ടുള്ള അടി ഏല്ക്കേണ്ടതായി വന്ന യേശു

മർക്കോസ് (15:15), യോഹ (19:1)

അന്നത്തെ കാലത്ത് റോമാക്കാരുടെ രീതി അടിയേൽക്കേണ്ടവന്റെ വസ്ത്രം മാറ്റി, കൈകൾ കെട്ടിയ ശേഷം ഒരു തൂണിനോട് ചേർത്ത് നിർത്തുകയോ, പൊക്കം കുറഞ്ഞ തൂണിൻമേൽ കുനിച്ചു നിർത്തുകയോ ചെയ്തിട്ട് ചാട്ട കൊണ്ട് അടിക്കുന്നു.തോൽവാറിന്റെ അറ്റത്ത് ലോഹക്കഷണം അല്ലെങ്കിൽ അസ്ഥിക്കഷണം ഉണ്ടാകും. ത്വക്കും മാംസവും കീറിപ്പിളർന്ന് മാംസം പുറത്തുവരുന്നു. ഇതുമൂലമാകാം സ്വന്തം ക്രൂശ് യേശുവിന് ചുമപ്പാൻ കഴിയാതെ പോയത്.

5. മുൾകിരീടം ധരിച്ച യേശു റോമൻ പട്ടാളക്കാരുടെ മദ്ധ്യത്തിൽ

- മത്തായി (27: 27 -31)

6. ക്രൂശിന്റെ ഭാരമേറിയ മരം തോളിലേറ്റി നടന്നപ്പോൾ പലയിടത്തും അവന് വീഴ്ച സംഭവിച്ചു.

7. ഗോൽഗോഥായിൽ എത്തിച്ചപ്പോൾ (കുറേനക്കാരനായ ശീമോന്റെ സഹായം ലഭ്യമായി) ക്രൂശിൽ കിടത്തി ആണി അടിച്ചു

-- മത്തായി (27:35)

8. കാരണം കൂടാതെ പരിഹാസം , നിന്ദ, എല്ലാം കേൾക്കേണ്ടതായി വന്നു. ഇത് അതിദയനീയ ദൃശ്യമായിരുന്നു .---മത്തായി (27:39)

9. നഷ്ടപ്പെട്ട ജനത്തെ വീണ്ടെടുക്കുവാൻ അവൻ കഷ്ടതയുടെ അത്യുച്ചകോടി അനുഭവിച്ചു.മകന്റെ കഷ്ടത പിതാവിനു പോലും കാണുവാൻ വഹിയാതവണ്ണം കഠിനമായിരുന്നു. അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റു.

10.നിവൃത്തിയായി എന്ന യഹോവയുടെ വാക്ക് - (യോഹ:19:10)

ഇത് കഷ്ടാനുഭവത്തിന്റെ സമാപ്തിയെ കാണിക്കുന്നു. തുടർന്ന് തന്റെ പ്രാണനെ പിതാവിന്റെ കരത്തിലേല്പിച്ചു. ഇത് വീണ്ടെടുപ്പിൻ

വേലയുടെ പൂർത്തീകരണത്തെ കാണിക്കുന്നു. തുടർന്ന് ദേവാലയത്തിന്റെ തിരശ്ശീല മുകൾതൊട്ട് അടിവരെ കീറിയതിനാൽ അതിവിശുദ്ധ സ്ഥലത്തേക്കുള്ള വഴി തുറക്കപ്പെട്ടു

Read എബ്രാ: (9:1-14)

എബ്രാ:(10:10-22)

ദൈവപുത്രൻ (ക്രിസ്തു) നമുക്കുവേണ്ടി സഹിച്ച ജീവിതത്തിലെ കഷ്ടതയുടെ കുലുക്കം ഓർത്താൽ അതിന് തുലനം ചെയ്യുവാൻ ഒന്നുമില്ല. തന്റെ രക്തത്താലാണ് അവൻ നമ്മെ വിലയ്ക്കു വാങ്ങിയത്. അത് എപ്പോഴും ഓർക്കുക. ആ സ്നേഹത്തിന് നന്ദി പറയുക.

## 11 തടസ്സം മാറ്റിയ കുലുക്കം - മത്തായി (28:2)

ഈ കുലുക്കം ഉണ്ടായത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായിരുന്നു. ഇതിന് **'3'** ദിവസം മുൻപാണ് ഒരു കുലുക്കം നടന്നത്. (യഹൂദൻമാർ ഒരു ദിവസത്തിന്റെ ആരംഭത്തിലോ , അവസാനത്തിലോ ഒരു സംഭവം നടന്നാൽ അതിനെ ഒരു ദിവസമായി കണക്കാക്കും. അങ്ങനെയാണ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലെ കുലുക്കത്തെ മൂന്ന് ദിവസം കഴിഞ്ഞ് എന്ന് പറയുവാനിടയായത്.)

വെള്ളിയാഴ്ച ഉണ്ടായ കുലുക്കത്തിൽ പാറകൾ പിളർന്നു എങ്കിൽ ഞായറാഴ്ച ഉണ്ടായ കുലുക്കം രക്ഷകന്റെ ഉയർപ്പിനെ തടയുവാൻ വച്ച കല്ല് ഉരുട്ടിമാറ്റുവാനായിരുന്നു. ആരാണ് അത് മാറ്റിയത്? പെട്ടെന്ന് ഒരു ഭൂകമ്പം ഉണ്ടായി, കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് കല്ലുരുട്ടി നീക്കി അതിൻമേൽ ഇരുന്നു. മത്താ: (28:2)

അത് (കല്ല്) ഏറ്റവും വലുതായിരുന്നു. മർക്കോസ് (16:4)

ക്രിസ്തുവിന് പുനരുത്ഥാനം ചെയ്യുവാൻ ആരും കല്ല് മാറ്റണ്ട. പിന്നെ ഇത് ആർക്കുവേണ്ടി മാറ്റി ? സുഗന്ധവർഗ്ഗവുമായി യേശുവിനെ കാണുവാൻ എത്തിയവർക്കായിട്ടാണ്.

(യേശുവിനെ കാണുവാൻ ആഗ്രഹിക്കുന്നവർക്കായി സ്വർഗ്ഗം പ്രവർത്തിക്കുന്നു.)

**കർത്തൃദിവസം പുറപ്പെട്ട സ്ത്രീകളുടെ പ്രത്യേകതകൾ**

1. അതിരാവിലെ ഇരുട്ടുള്ളപ്പോൾ പുറപ്പെട്ടു - യോഹ (20:1)
2. കല്ല് ആർ മാറ്റും എന്ന് ചിന്തിച്ചിട്ടു പുറപ്പെടാൻ അമാന്തിച്ചില്ല. അതിനാൽ സ്വർഗ്ഗീയ ക്രമീകരണം കണ്ടു.
3. അവനെ പൂശേണ്ടതിന് സുഗന്ധവർഗ്ഗവുമായി ചെന്നവർ ഒഴിഞ്ഞ കല്ലറകണ്ട് സന്തോഷിച്ചു.
4. കാവൽക്കാരുടെ വിലക്കിനെ ഭയന്നു. - പക്ഷേ ദൂതനെകണ്ട് മരിച്ചവരെപ്പോലെ ആയ കാവൽക്കാരെ കാണുവാനിടയായി.

മത്തായി (28:4,5)

(പ്രശ്നങ്ങളുടെ കല്ലറയിൽ നിങ്ങളെ അടച്ച് നശിപ്പിക്കുവാൻ പ്രതിയോഗിയെ ദൈവം സമ്മതിക്കുന്നില്ല. യേശുവിനെ കാണുവാൻ തീരുമാനിച്ച് വിശ്വാസത്തോടെ പുറപ്പെടുന്നവന്റെ മുമ്പിൽ പ്രതികൂലത്തിന്റെ കല്ല് മാറും. പ്രതിയോഗികൾ മരിച്ചവരെപ്പോലെ ആകും. ഉയർത്തെഴുന്നേറ്റ ക്രിസ്തുവാണ് നമ്മുടെ ശക്തി. അതിനാൽ ജീവിതത്തിലുണ്ടാകുന്ന കുലുക്കങ്ങളെ ഭയപ്പെടേണ്ട).

കല്ല് ഉരുട്ടി മാറ്റിയ ദൂതൻ കല്ലിന്റെ പുറത്തായിരുന്നു ഇരുന്നത്. വേദപണ്ഡിതർ, കല്ല് മാറ്റിയപ്പോഴുണ്ടായ കുലുക്കത്തെ പല പേരിൽ രേഖപ്പെടുത്തിട്ടുണ്ട്.(Severe Earthquake, Violent Earthquake, Great Earthquake and Powerful Earthquake)

ഈ വലിയ കല്ല് പോലെ എത്രകഠിനമായ പ്രശ്നം നിങ്ങളെ വർഷങ്ങളായോ,മാസങ്ങളായോ, ദിവസങ്ങളായോ അലട്ടുന്നുണ്ടാകാം.

പേടിക്കേണ്ട കാലാവധിക്കനുസരിച്ച് ഏത് കുലുക്കം അയയക്കണമെന്ന് കർത്താവിനറിയാം. അവൻ പ്രവർത്തിക്കും.

ഈ കഠിനമായ കുലുക്കത്തെ ഹന്നയുടെ ജീവിതത്തിലെ തടസ്സവുമായി ഒന്ന് താരതമ്യം ചെയ്യാം.

ഹന്നയുടെ പ്രതിയോഗി സന്തോഷിപ്പാൻ കാരണമായ തടസ്സം - യഹോവ അവളുടെ ഗർഭം അടച്ചിരുന്നു എന്നതാണ്. (1 ശമു:1:5)

**ഈ തടസ്സം മാറ്റുവാൻ അവൾ എന്ത് ചെയ്തു ?**

1.ആണ്ടുതോറും ദേവാലയത്തിൽ പോയിരുന്നു- (1ശമു:1:7)

2. മനോവ്യസനത്തോടെ പ്രാർത്ഥിച്ചു -- (1ശമു:(1:10)

3. നേർച്ചനേർന്നു --- 1 ശമു:(1:11)

4. ഹൃദയം പകരുന്നതായിരുന്നു ആ പ്രാർത്ഥന--- 1 ശമു:(1:15)

യഹോവയുടെ അടുക്കൽ ഹൃദയം പകർന്ന് പിന്നെ മുഖം വാടാതെ ഇരുന്നവളെ യഹോവ ഓർത്തു, ആ തടസ്സം മാറ്റി. പരിഹാസിയുടെ മുമ്പിൽ തന്റെ കൊമ്പ് ഉയർത്തിയ ദൈവത്തിന് നന്ദി കരേറ്റുവാൻ അവൾ മറന്നില്ല.---- 1 ശമു:(2:2)

പ്രതികൂലം നമ്മെ തടസ്സപ്പെടുത്തുമ്പോൾ പരിഹസിക്കുന്നവരുടെ മുമ്പിൽ തടസ്സത്തെ മാറ്റുന്ന ഉയർപ്പിൻ ശക്തി നിശ്ചയമായും പ്രവർത്തിക്കും. ഒഴിഞ്ഞ കല്ലറയത്രെ വിശ്വാസിയുടെ ശക്തി.

## 12. പുതുശക്തി പകർന്ന കുലുക്കം (Acts 2:1-5)

“പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നും ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു . (Acts 2:2) തുടർന്നാണ് അഗ്നിജ്വാലപോലെയുള്ള നാവ് പ്രത്യക്ഷമായത്.കാറ്റും,തീയും ദൈവസാന്നിദ്ധ്യത്തെ വിളിച്ചറിയിക്കുന്നു.

Read സങ്കീ:(50:3)ശിഷ്യൻമാർ കൂടി ഇരുന്ന് പ്രാർത്ഥിച്ചിടത്താണ് ഈ സംഭവം നടന്നത്. അത് പെന്തക്കോസ്തു ദിനത്തിലായിരുന്നു.

യെഹൂദകലണ്ടറിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ ഉത്സവമാണ് പെന്തക്കോസ്ത് പെരുന്നാൾ. ധാന്യങ്ങളുടെ ആദ്യഫലം ദൈവത്തിന് കാഴ്ചവയ്ക്കുന്ന കൊയ്ത്തിന്റെ ഉത്സവമാണിത്. ദൈവസഭയെ സംബന്ധിച്ചിടത്തോളം ലോകത്തിൽ നിന്ന് ആത്മാക്കളെ നേടുവാനുള്ള ദൈവത്തിന്റെ കൊയ്ത്തിന്റെ ആരംഭമാണ് പെന്തക്കോസ്ത്. ഈ അനുഭവം എപ്പോഴും മാനുഷീക ഉത്തരവാദിത്വവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മാളികമുറിയിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നത് അവർ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോഴാണ്. അതിനുശേഷമാണ് അവർ ശുശ്രൂഷ ആരംഭിച്ചത്. ആത്മാവിന്റെ ശ്രദ്ധേയമായ വെളിപ്പെടൽ ആണ് അന്ന് നടന്നത്.

ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ആരോഹണം ചെയ്യും മുമ്പുള്ള നിർദ്ദേശ പ്രകാരമാണ് അവർ ഒന്നിച്ച് കൂടിയിരുന്ന് പ്രാർത്ഥിച്ചത്. അതിനുമുൻപ് തങ്ങളുടെ ഇടയിലെ നഷ്ടപ്പെട്ട ഒരാളിന്റെ (യൂദ) കുറവ് അവർ പരിഹരിച്ചു. (സഭയായും, കുടുംബമായും, വ്യക്തികളായും പ്രാർത്ഥിക്കും മുമ്പുതന്നെ കുറവുകളെ നികത്തുവാൻ നാം തയ്യാറാകണം. എങ്കിലേ പരിശുദ്ധാത്മ സാന്നിദ്ധ്യം അനുഭവിപ്പാൻ കഴിയുകയുള്ളൂ.

ആകാശത്തുനിന്ന്കൊടിയ കാറ്റടിക്കും പോലെ ഉണ്ടായ മുഴക്കം രണ്ട് കൂട്ടർ കേട്ടു. (1) മാളികമുറിയുടെ പുറത്തുള്ള പുരുഷാരം

(2) ഒന്നിച്ചു കൂടി മാളികമുറിയിൽ ഇരുന്ന് പ്രാർത്ഥിച്ചവർ. രണ്ട് കൂട്ടരും മുഴക്കം കേട്ടു എങ്കിലും കാത്തിരുന്ന് പ്രാർത്ഥിച്ചവർക്ക് മുഴക്കം കേൾക്കുവാനും , അത്ഭുതം കാണുവാനും അനുഭവിപ്പാനും കഴിയുകയും ചെയ്തു. മുഴക്കം കേൾക്കുക മാത്രം ചെയ്യുന്ന നിലയിൽ

നിന്നും അനുഭവിക്കുന്ന നിലയിലേക്ക് ഉയരുവാൻ ദൈവം എല്ലാവരേയും സഹായിക്കട്ടെ.
എന്തായിരുന്നു ആ അത്ഭുതം ?

വീടുമുഴുവനും നിറച്ച കൊടിയകാറ്റിനോടൊപ്പം അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. അഗ്നിനാവുകൾ , ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്ന ശുശ്രൂഷക്കായും വിശ്വാസികളെ ദൈവീകകാര്യങ്ങൾക്കായും , അവന്റെ സാക്ഷികളായും വേർതിരിക്കുന്നതിന്റെ പ്രതീകമാണ്. കാറ്റും അഗ്നിയും ഒന്നിച്ച് പരിശുദ്ധാത്മസ്നാനത്തിന് മുമ്പ് വന്നത് പ്രവർത്തികളുടെ പുസ്തകത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കാത്തിരുന്ന് പ്രാർത്ഥിച്ചവർ അങ്ങനെ പുതുശക്തി പ്രാപിച്ചത് ദൈവം അയച്ച പ്രകൃതിയിലെ പ്രതിഭാസം മൂലമാണ്.

ശലോമോൻ രാജാവ് പ്രാർത്ഥിച്ചു കഴിഞ്ഞപ്പോഴാണ് ആകാശത്തുനിന്ന് തീയിറങ്ങി ഹോമയാഗവും ഹനനയാഗവും ദഹിപ്പിച്ചത്. ഉടൻ യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞു. ഇതുപോലെ സഭയിലായാലും , ഭവനത്തിലായാലും ആരാധനയും ,പ്രാർത്ഥനയും , പരിശുദ്ധാത്മ സാന്നിദ്ധ്യവും നമുക്ക് ലഭ്യമാകുന്നു.ഉച്ചത്തിൽ ഏകാഗ്രതയോടെ സ്തുതിക്കുക. വിളഞ്ഞവയലുകൾ ആത്മാക്കളുടെ കൊയ്ത്തിനായി ലഭിപ്പാൻ ദൈവം ഇടയാക്കട്ടെ.